അപകടകരമായ തൊഴിൽ ചെയ്യുന്നവർക്കായി ക്ഷേമപരിപാടികൾ

74 (3475)ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാക്ടറികളിലും മറ്റും അപകടകരമായ തൊഴിൽ ചെയ്യുന്നവർക്കായി ക്ഷേമപരിപാടികൾ നടപ്പാക്കാൻ പ്രത്യേകസമിതി രൂപവൽക്കരിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് പരിശോധിയ്ക്കാൻ പ്രത്യേക സ്കാഡ് രൂപീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്.

അപകടകരമായ നിർമ്മാണ പ്രക്രിയകൾ നടത്തുന്ന ഫാക്ടറികളിൽ തൊഴിൽ ചെയ്യുന്നവരുടെ ഏൺഡ് ലീവ്, കാഷ്വൽ ലീവ്, സിക്ക് ലീവ് മുതലായവയെ സംബന്ധിയ്ക്കുന്ന വ്യവസ്ഥകളുടെ പര്യാപ്തത അത്തരം ഫാക്ടറികളിലെ ആരോഗ്യക്ഷേമ-സുരക്ഷിതത്വ സംവിധാനങ്ങൾ എന്നിവ പരിശോധിയ്ക്കുവാൻ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥൻമാരുടെയും ഉന്നതരായ ട്രേഡ് യൂണിയൻ നേതാക്കളുടെയും ഒരു കമ്മിറ്റി രൂപീകരിക്കുവാൻ കേരള ഹൈക്കോടതികളുടെ ഒ.പി.നം:15147/92 സി.6.1.98-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇത്തരം ഫാക്ടറികളിൽ അടിക്കടി പരിശോധന നടത്തുവാൻ ഉയർന്ന ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ഒരു വിജിലൻസ് സ്കാഡ് രൂപീകരിയ്ക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. 21.12.98-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം:4044/98/തൊഴിൽ പ്രകാരം ഒരു സംസ്ഥാന തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) & (ഡി) ഫാക്ടറി തൊഴിലാളികളുടെ സുരക്ഷിതത്വവും ആരോഗ്യവും ഉറപ്പാക്കുവാനും അപകടകരമായ രാസവസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിനുവേണ്ടിയും വിജിലൻസ് സ്കാഡിന്റെ പ്രവർത്തനത്തിനുവേണ്ടിയും ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പിൽ ഒരു അഡീഷണൽ ഡയറക്ടറുടെയും രണ്ട് ഇൻസ്പെക്ടർമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം

75 (3476)ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോസ്റ്റ് ലഭ്യമല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം നേരിടുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാധാരണ കണക്ഷൻ ലഭിക്കുന്നതിന് സംസ്ഥാനത്ത് എത്ര അപേക്ഷകരുണ്ട്; പോസ്റ്റ് ആവശ്യമുള്ളതും മറ്റുമായി തരംതിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഓ.റ്റി.പി.യിൽ എത്ര കണക്ഷൻ നൽകിയിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ഇതിൽ കെ.എസ്.ഇ.ബി. യിൽ നിലവിലുള്ള എത്ര ജീവനക്കാർക്ക് കണക്ഷൻ ലഭിച്ചിട്ടുണ്ട്;

(ഇ) പെൻഷൻ പറ്റിയ എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 29/2/2000 വരെ രജിസ്റ്റർ ചെയ്ത കണക്കനുസരിച്ച് ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം-ഓവർ ഹെഡ്	-	14953
വെതർ പ്രൂഫ്	-	12289
കൊല്ലം-ഓവർ ഹെഡ്	-	10948
വെതർ പ്രൂഫ്	-	12444
പത്തനംതിട്ട-ഓവർ ഹെഡ്	-	6276
വെതർ പ്രൂഫ്	-	3851
കോട്ടയം-ഓവർ ഹെഡ്	-	12223
വെതർ പ്രൂഫ്	-	5010
എറണാകുളം-ഓവർ ഹെഡ്	-	10281
വെതർ പ്രൂഫ്	-	10076
തൃശ്ശൂർ-ഓവർ ഹെഡ്	-	15145
വെതർ പ്രൂഫ്	-	12580
ആലപ്പുഴ-ഓവർ ഹെഡ്	-	9981
വെതർ പ്രൂഫ്	-	9470
ഇടുക്കി-ഓവർ ഹെഡ്	-	8524
വെതർ പ്രൂഫ്	-	7912
പാലക്കാട്-ഓവർ ഹെഡ്	-	15786
വെതർ പ്രൂഫ്	-	20885
മലപ്പുറം-ഓവർ ഹെഡ്	-	21157
വെതർ പ്രൂഫ്	-	20202
കോഴിക്കോട്-ഓവർ ഹെഡ്	-	19090
വെതർ പ്രൂഫ്	-	12529

LIBRARY ARCHIVES Kerala Legislative Assembly

വയനാട്-ഓവർ ഹെഡ്	-	3105
വെതർ പ്രൂഫ്	-	3057
കണ്ണൂർ-ഓവർ ഹെഡ്	-	16875
വെതർ പ്രൂഫ്	-	9572
കാസർഗോഡ്-ഓവർ ഹെഡ്	-	6390
വെതർ പ്രൂഫ്	-	4025

(സി) 77218 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവന്തപുരം	-	6820
കൊല്ലം	-	6139
പത്തനംതിട്ട	-	2385
കോട്ടയം	-	4227
ഇടുക്കി	-	2514
തൃശ്ശൂർ	-	12819
ആലപ്പുഴ	-	4718
എറണാകുളം	-	7954
പാലക്കാട്	-	9625
മലപ്പുറം	-	4513
കോഴിക്കോട്	-	5844
വയനാട്	-	701
കണ്ണൂർ	-	3797
കാസർഗോഡ്	-	4162

(ഡി) 1667 ജീവനക്കാർക്ക്.

(ഇ) 181 പേർക്ക്.

കൺസ്യൂമർ കാർഡ് സിസ്റ്റം

76 (3477)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. അടൂർ പ്രകാശ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. കൺസ്യൂമർ കാർഡ് സിസ്റ്റം നടപ്പാക്കുന്നതിന് എത്ര അപേക്ഷകളും കാർഡുകളും പ്രിന്റുചെയ്തു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് എവിടെയാണ് പ്രിന്റു ചെയ്തത്;

(സി) പ്രിന്റിംഗിന് എന്തു തുക ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly